REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 03-11-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ഒരു ദിവസത്തെ സന്ദർശനത്തിന് ഇന്ന് കേരളത്തിലെത്തും. പാലക്കാട് ഡിവിഷൻ പരിധിയിലെ റെയിൽ വികസന പദ്ധതികൾ അദ്ദേഹം അവലോകനം ചെയ്യും.**
- **ഉപതിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ വയനാട്ടിലും പാലക്കാട്ടും ചേലക്കരയിലും പ്രചാരണം ഊർജ്ജിതം.**
- **മുതലപ്പൊഴി ഫിഷിങ് ഹാർബർ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകി.**
- **മുംബൈയിൽ ന്യൂസിലാൻഡിന് എതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ വിജയ പ്രതീക്ഷയുമായി ഇന്ത്യ.**

## വാർത്തകൾ വിശദമായി

കേന്ദ്ര റെയിൽവേ, വാർത്താ വിതരണപ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് കേരളത്തിലെത്തും. ഉച്ചയോടെ കൊച്ചിയിൽ നിന്നും റെയിൽമാർഗം കോഴിക്കോടെത്തുന്ന അദ്ദേഹം പാലക്കാട് ഡിവിഷൻ പരിധിയിലെ റെയിൽ വികസന പദ്ധതികൾ അവലോകനം ചെയ്യും. വൈകിട്ട് കാലിക്കറ്റ് ട്രേഡ് സെന്ററിൽ നടക്കുന്ന ജന്മഭൂമി ദിനപത്രത്തിന്റെ സുവർണ്ണജൂബിലി ആഘോഷമായ 'സ്വ' വിജ്ഞാനോത്സവത്തിന്റെ ഉദ്ഘാടനം കേന്ദ്രമന്ത്രി നിർവ്വഹിക്കും.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി നസ്സീർ ബാബു...

**............(വോയ്സ് )..........**

രാവിലെ 8 മണിയോടെ ഡൽഹിയിൽ നിന്ന് പുറപ്പെടുന്ന കേന്ദ്രമന്ത്രി 11.20 ഓടെ കൊച്ചിയിൽ വിമാനമിറങ്ങും തുടർന്ന് 11.45 റയിൽ മാർഗം യാത്ര തിരിക്കുന്ന അദ്ദേഹം 2.15ന് കോഴിക്കോടെത്തും മന്ത്രിയായ ശേഷം ആദ്യമായി കോഴിക്കോടെത്തുന്ന അദ്ദേഹത്തിന് സ്വീകരണം ഒരുക്കിയിട്ടുണ്ട്. റയിൽ വേവി വികസനപദ്ധതികൾ അവലോകനം ചെയ്യുന്ന മന്ത്രി അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്ന കോഴിക്കോട് റയിൽവേ സ്റ്റേഷൻ നിർമാണപ്രവർത്തനങ്ങളും അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന സ്റ്റേഷനുകളുടെ പ്രവർത്തനവും വിലയിരുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോഴിക്കോട് റയിൽവേസ്റ്റേഷൻ  നവീകരണ പദ്ധതിയുടെ ശിലാസ്ഥാപനം തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ പ്രധാനമന്ത്രി ഓൺലൈനായി നിർവഹിച്ചിരുന്നു.

ജന്മഭൂമി സുവർണ്ണജൂബിലി ആഘോഷമായ 'സ്വ' വിജ്ഞാനോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ ആമുഖപ്രഭാഷണം നടത്തും.

കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര-ന്യൂനപക്ഷകാര്യ സഹമന്ത്രി ജോർജ് കുര്യൻ, പി.ടി. ഉഷ എംപി, എം.കെ. രാഘവൻ എംപിമുൻ കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ, കോഴിക്കോട് കോർപ്പറേഷൻ മേയർ ഡോ. ബീനാ ഫിലിപ്പ്,  തുടങ്ങിയവർ പങ്കെടുക്കും.

വിജ്ഞാനോത്സവത്തിന്റെ ഭാഗമായി മഹാപ്രദർശനം, സെമിനാറുകൾ, പ്രഭാഷണങ്ങൾ, മത്സരങ്ങൾ, കലാപരിപാടികൾ എന്നിവ നടക്കും. ഐഎസ്ആർഒ, കൊച്ചിൻ ഷിപ്പ്‌യാർഡ്, ആയുഷ്, വിവിധ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവ എക്സിബിഷന്റെ ഭാഗമാവും.

✪✪✪

കേരളമടക്കം ഒൻപത് സംസ്ഥാനങ്ങളുടെയും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും പിറവി ദിനത്തോടനുബന്ധിച്ച് ജമ്മു കശ്മീർ രാജ്ഭവൻ സാംസ്കാരിക സായാഹ്നം സംഘടിപ്പിച്ചു.

ഈ സംസ്ഥാനങ്ങളിലെ മഹദ് വ്യക്തികളുടെ സംഭാവനകൾ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ അനുസ്മരിച്ചു.

✪✪✪

കേരളത്തിലെ ഉപ തെരഞ്ഞെടുപ്പിൽ മൂന്ന് മണ്ഡലങ്ങളിലും പ്രചാരണം ശക്തമായി. പ്രമുഖ നേതാക്കൾ പ്രചാരണരംഗത്ത് സജീവമാണ്. തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ വയനാട്ടിൽ മൂന്ന് മുന്നണികളും പ്രചാരണം ഊർജിതമാക്കി.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി അരുൺ വിൻസെന്റിന്റെ റിപ്പോർട്ട്...

**............(വോയ്സ് ).........**

തെരഞ്ഞെടുപ്പ് ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ പ്രചാരണം കോഴിപ്പികൊഴുപ്പിച്ച് മുന്നണികൾ രണ്ടാംഘട്ട പ്രചരണത്തിനായി യുഡിഎഫ് സ്ഥാനാർഥി പ്രിയങ്കഗാന്ധി ഇന്ന് മാനന്തവാടിയിൽ എത്തും പ്രിയങ്കയ്ക്ക്ക്കൊപ്പം രാഹുൽ ഗാന്ധിയും ഉണ്ടാകും .എൽഡിഎഫ് സ്ഥാനാർഥി സത്യൻ മൊകേരിഇന്ന് വണ്ടൂർ നിലമ്പൂർ മണ്ഡലങ്ങളാണ് പര്യടനം നടത്തുക എൽഡിഎ സ്ഥാനാർത്ഥി നവ്യ ഹരിദാസ് ഇന്ന് കൽപ്പറ്റ നിയമസഭ മണ്ഡലത്തിലാണ് പര്യടനം

✪✪✪

കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തലയുടെ വയനാട് മണ്ഡലത്തിലെ ഇന്നത്തെ തെരഞ്ഞെടുപ്പ് പ്രചരണം ഉൾപ്പെടെ മുഴുവൻ പരിപാടികളും റദ്ദാക്കി. മഹാരാഷ്ട്ര തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് അവിടേക്ക് പെട്ടെന്ന് മടങ്ങേണ്ടി വന്നതിനാലാണ് പരിപാടികൾ റദ്ദാക്കിയത്.

✪✪✪

ചേലക്കര മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് അങ്കം മുറുകിക്കഴിഞ്ഞു. സ്ഥാനാർത്ഥികളെല്ലാം ജനങ്ങളെ നേരിട്ടുകണ്ട് വോട്ടു തേടുന്ന തിരക്കിലാണ്.

വിശദാംശങ്ങളുമായി ജില്ലാ പ്രതിനിധി ഭരിത പ്രതാപ് ...

**............(വോയ്സ് )..........**

ചേലക്കരയിൽ ഇത്തവണ മത്സരത്തിന് 3 മുന്നണി സ്ഥാനർത്തികളും 3 സ്വതന്ത്ര സ്ഥാനർത്ഥികളുമാണ് ഉള്ളത്. പര്യടനതിരക്കിലാണ് ഓരോ സ്ഥാനർ ഥികളും.

UDF സ്ഥാനാർത്ഥി രമ്യ ഹരിദാസിന്റെ മണ്ഡല പര്യടനം ഇന്ന് പഴയന്നൂർ മണ്ഡലത്തിലാണ്.രാവിലെ 7 മണിക് ആരംഭിച് വൈകീട്ട് 7 മണിക് മുതലിമാർ തറയിൽ അവസാനിക്കും.

എൻഡിഎ സ്ഥാനാർഥി കെ ബാലകൃഷ്ണൻന്റെ തിരഞ്ഞെടുപ്പ് പര്യടനത്തിന്റെ ഭാഗമായി പാഞ്ഞാൾ , തിരുവില്ലാ മല പഞ്ചായത്തുകളിലെ പൗരപ്രമുഖരുമായി NDA സ്ഥാനാർഥി കൂടി കാഴ്ച നടത്തും പഴയന്നൂർ ഭാഗത്ത് നിന്നാണ് പ്രചാരണം ആരംഭിക്കുന്നത്.

ചേലക്കര നിയോജകമണ്ഡലം എൽ ഡി എഫ് സ്ഥാനാർഥി യു ആർ പ്രദീപിന്റെ തിരഞ്ഞെടുപ്പ് പ്രചരണാർത്ഥം ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ് ചേലക്കര നിയോജക മണ്ഡലത്തിൽ ഇന്ന് കാലത്ത് 10 മണി മുതൽ ഒരു മണി വരെ കൊണ്ടാഴി പഞ്ചായത്തിലും ഉച്ചതിരിഞ്ഞ് മൂന്നുമണി മുതൽ ഏഴുമണി വരെ വിവിധ പരിപാടികളിൽ പങ്കെടുക്കും.

✪✪✪

പാലക്കാട്ടെ UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് മാത്തൂർ പഞ്ചായത്തിൽ പ്രചരണം നടത്തും. LDF സ്ഥാനാർഥി ഡോ P.സരിൻ NDA സ്ഥാനാർഥി C. കൃഷ്ണകുമാർ എന്നിവർ പാലക്കാട് നഗരസഭ പ്രദേശങ്ങളിലാണ് ഇന്ന് വോട്ടർമാരെ കാണുന്നത്.

✪✪✪

പാലക്കാട് ഉപതെരഞ്ഞെടുപ്പിൽ ഭിന്നശേഷിക്കാർക്കും 85 നു മേൽ പ്രായക്കാർക്കും വീട്ടിൽ നിന്ന് വോട്ട് ചെയ്യാൻ അവസരം നൽകുന്ന ഹോം വോട്ടിങ് സംവിധാനത്തിന് നാളെ തുടക്കമാവും.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...

**............(വോയ്സ് )..........**

മുൻകൂട്ടി അപേക്ഷ സമർപ്പിച്ച 868 പേർക്കാണ് പാലക്കാട് ഉപതിരഞ്ഞെടുപ്പിൽ ഹോം വോട്ടിങിന് സൗകര്യമൊരുക്കിയിട്ടുള്ളത്.

മുൻകൂട്ടി അറിയിച്ച് വീടുകളിലെത്തുന്ന തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ വോട്ടിങ്ങിന്റെ രഹസ്യസ്വഭാവം നിലനിർത്തി വോട്ട് രേഖപ്പെടുത്താനുള്ള സൗകര്യം ഒരുക്കും. 40 ശതമാനത്തിനു മുകളിൽ വൈകല്യം ഉള്ളവർക്കാണ് ഹോം വോട്ടിങിന് അനുമതി നൽകിയിരിക്കുന്നത്. ഇവരുടെ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വരണാധികാരി പരിശോധിച്ച ശേഷമാണ് ഹോം വോട്ടിങിന് അനുമതി നൽകിയത്.

നവംബർ 11 വരെയാണ് ഹോം വോട്ടിങ് നടക്കുക. പോളിംഗ് ബൂത്തിലെത്തി വോട്ട് ചെയ്യുന്ന ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ഇലക്ഷൻ കമ്മീഷന്റെ സക്ഷംആപ്പിലൂടെ പോളിങ് ബൂത്തിൽവീൽചെയർആവശ്യപ്പെടുകയും ചെയ്യാം.

✪✪✪

തിരുവനന്തപുരം മുതലപ്പൊഴി ഫിഷിങ് ഹാർബർ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകി. 177 കോടി രൂപയുടെ പദ്ധതി ചെലവിൽ 60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാനവും പങ്കിടും. സംസ്ഥാന

ഗവൺമെന്റിന്റെ ദീർഘകാല പ്രയത്നം ഫലപ്രാപ്തിയിൽ എത്തിയതിൽ അഭിമാനമുണ്ടെന്ന് മന്ത്രി സജി ചെറിയാൻ തിരുവനന്തപുരത്ത് പറഞ്ഞു. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ 415 യന്ത്രവൽകൃത ബോട്ടുകൾക്ക് തുറമുഖത്ത് എത്താനാകും. ഹാർബർ നവീകരണം എത്രയും വേഗം പൂർത്തിയാക്കുമെന്നും സജി ചെറിയാൻ അറിയിച്ചു.

✪✪✪

വിഴിഞ്ഞം തുറമുഖത്തിന് കേന്ദ്രഗവൺമെന്റ് നൽകുമെന്ന് അറിയിച്ച വയബിലിറ്റി ഗ്യാപ് ഫണ്ട് തിരിച്ചടക്കണമെന്ന നിലപാടിൽ ഇടതുമുന്നണി പ്രതിഷേധം അറിയിച്ചു. രാജ്യത്തെ മറ്റ് പല തുറമുഖങ്ങൾക്കും നൽകിയ പരിഗണന വിഴിഞ്ഞത്തിന് നൽകില്ലെന്ന നിലപാട് പ്രതിഷേധാർഹമാണെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ പ്രസ്താവനയിൽ പറഞ്ഞു.

✪✪✪

മുംബൈയിൽ ന്യൂസിലാൻഡിന് എതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ വിജയ പ്രതീക്ഷയുമായി ഇന്ത്യ. കളിയുടെ രണ്ടാം ദിവസമായ ഇന്നലെ ഇന്ത്യ 263 റൺസെടുത്തു. രണ്ടാം ഇന്നിംഗ്സിൽ ബാറ്റിംഗ് തകർച്ച നേരിട്ട ന്യൂസിലാൻഡിനെ ഒൻപത് വിക്കറ്റിന് 173 റൺസെന്ന നിലയിൽ ഇന്ത്യൻ ബൗളർമാർ എറിഞ്ഞൊതുക്കി. ന്യൂസിലാൻഡിന് ഇപ്പോൾ 143 റൺസിന്റെ മുൻതൂക്കം മാത്രമാണുള്ളത്.

✪✪✪

ISL ഫുട്ബോളിൽ  നിലവിൽ ചാമ്പ്യൻമാരായ മുംബൈ സിറ്റി FC ഇന്ന് കേരള ബ്ലാസ്റ്റേഴ്സിനെ നേരിടും. വൈകീട്ട് ഏഴരക്ക് മുംബൈ ഫുട്ബോൾ അറീനയിലാണ് മത്സരം.

ആറ് മത്സരങ്ങളിൽ നിന്ന് എട്ട് പോയിന്റോടെ ഒൻപതാം സ്ഥാനത്താണ് കേരള ബ്ലാസ്റ്റേഴ്സ്. അഞ്ച് മത്സരങ്ങളിൽ  നിന്ന് ആറ് പോയിന്റ്  മുംബൈ FC യ്ക്കുണ്ട്.

ഇന്നത്തെ മറ്റൊരു മത്സരത്തിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ഒഡീഷ FCയെ നേരിടും. അസമിൽ വൈകീട്ട് അഞ്ചിനാണ് മത്സരം.

✪✪✪

എറണാകുളത്ത് നാളെ ആരംഭിക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയിലെ ഭിന്നശേഷി കുട്ടികളുടെ ഇൻക്ലൂസീവ് കായികമേളയിൽ കണ്ണൂർ ജില്ലയിൽ നിന്ന് 105 കുട്ടികളെ തിരഞ്ഞെടുത്തു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ

**............(വോയ്സ് )...........**

ഗെയിംസ് ഇനത്തിൽ 70 കുട്ടികളും അത്‌ലറ്റിക്സ് ഇനത്തിൽ 35 കുട്ടികളുമാണ് സെലക്ഷൻ ട്രയലിലൂടെ തെരഞ്ഞെടുക്കപ്പെട്ടത്. സ്റ്റാന്റിംഗ് ജമ്പ്, ത്രോ ബോൾ, റിലേ 100 മീറ്റർ ഓട്ടം എന്നിങ്ങനെ അത്‌ലറ്റിക് വിഭാഗത്തിൽ കുട്ടികളിൽ ഗൈഡ് റണ്ണർമാരായി ജനറൽ കാറ്റഗറിയിലെ കുട്ടികളും ഉൾപ്പെടും. ചിട്ടയായ പരിശീലനവും ചടുലമായ നേതൃത്വ ശേഷിയും സമയോചിതമായി നൽകിയതിനു ശേഷമാണ് കുട്ടികളെ ജില്ലാ ടീമിലേക്ക് തയ്യാറാക്കിയത്. മേളയിൽ പങ്കെടുക്കുന്നവരെല്ലാവരും ഇന്ന് രാത്രി എട്ട് മണിക്ക് കണ്ണൂരിൽ നിന്നും മൂന്ന് ബസ്സുകളിലായി യാത്ര പുറപ്പെടും.

ആദ്യമായാണ് ഭിന്നശേഷി കുട്ടികൾക്കായുള്ള ഇൻക്ലൂസീവ് കായികമേള സംസ്ഥാന സ്കൂൾ കായികമേളയിൽ സംഘടിപ്പിക്കുന്നത്. 1600ഓളം ഭിന്നശേഷി കുട്ടികൾ ഉൾപ്പെടെ ഇരുപതിനായിരത്തോളം കായിക പ്രതിഭകളാണ് സംസ്ഥാന കായികമേളയിൽ പങ്കെടുക്കുന്നത്.

✪✪✪

സംസ്ഥാന സ്കൂൾ കായിക മേളയുടെ ദീപശിഖ റാലിക്ക് മലപ്പുറം ജില്ലയിൽ ഉജ്ജ്വല സ്വീകരണം നൽകി. കോഴിക്കോട്ടെ സ്വീകരണത്തിന് ശേഷം ജില്ലാ അതിർത്തിയായ രാമനാട്ടുകരയിൽ കോഴിക്കോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് മലപ്പുറം DDE ദീപശിഖ ഏറ്റുവാങ്ങി. രാവിലെ ദീപശിഖാ പ്രയാണം ജില്ലയിലെ വിവിധ സ്കൂളുകളിലെത്തും. ദീപശിഖാ പ്രയാണവും വാഹന ജാഥയും നാളെ എറണാകുളം തൃപ്പൂണുത്തുറയിൽ സംഗമിക്കും. അവിടെ നിന്ന് പ്രധാന വേദിയായ മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെത്തും.

✪✪✪

നീലേശ്വരം വെടിക്കെട്ട് അപകടത്തിൽ പൊള്ളലേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. ചോയ്യങ്കോട് കിണാവൂർ സ്വദേശി സന്ദീപ് ആണ് മരിച്ചത്. 38 വയസായിരുന്നു.

കണ്ണൂരിലെസ്വകാര്യാശുപത്രിയിൽ ചികിത്സയിലായിരുന്നു. 154 പേർക്കാണ് അപകടത്തിൽ പൊള്ളലേറ്റത്. സംഭവത്തിൽ വിവിധ വകുപ്പുകളുടെ അന്വേഷണം തുടരുകയാണ്.

✪✪✪

നീലേശ്വരം വെടിക്കെട്ട് അപകടത്തിൽ ഹൊസ്ദുർഗ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പ്രതികൾക്ക് അനുവദിച്ച ജാമ്യം കാസർഗോഡ് ജില്ലാ കോടതി റദ്ദാക്കി.

ക്ഷേത്രം പ്രസിഡന്റ് നീലേശ്വരത്തെ PK ചന്ദ്രശേഖരൻ, സെക്രട്ടറി KT. ഭരതൻ, പള്ളിക്കയില രാജേഷ് എന്നിവർക്ക് നൽകിയ ജാമ്യമാണ് കോടതി റദ്ദാക്കിയത്.

✪✪✪

ഷൊർണ്ണൂരിൽ ഭാരതപ്പുഴ പാലത്തിൽ ട്രെയിനിടിച്ച് വീണ് കാണാതായ ഒരാൾക്കായി രാവിലെ തെരച്ചിൽ പുനരാരംഭിക്കും. കേരള എക്സ്പ്രസ് തട്ടി മരിച്ച ഒരു പുരുഷന്റേയും രണ്ട് സ്ത്രീകളുടേയും ശരീരങ്ങൾ ട്രാക്കിൽ നിന്ന് കണ്ടെടുത്തിരുന്നു.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ സാഹചര്യം കണക്കിലെടുത്ത് ഇന്ന് 6 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ജാഗ്രത.

✪✪✪